# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത<br>ചോദ്യ നമ്പർ - 686 | | 04.03.2020 ലെ മറുപടിയ്ക്ക് | |
|---|---|---|---|
| ഏറനാട് മണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗ കോളനി വികസന പദ്ധതികൾ | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.പി.കെ.ബഷീർ | | എ.കെ ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ പട്ടികജാതി - പട്ടികവർഗ്ഗ കോളനികളുടെ ഉന്നമനത്തിനായി ആവിഷ്കരിച്ച ഹാംലെറ്റ് വികസന പദ്ധതി, അംബേദ്കർ ഗ്രാമം പദ്ധതി തുടങ്ങിയ വിവിധതരം പദ്ധതികൾ ഏറനാട് മണ്ഡലത്തിൽ എവിടെയെല്ലാമാണ് നടപ്പിലാക്കിയിട്ടുള്ളത്; | (എ) | 2013-14 സാമ്പത്തിക വർഷം നടപ്പിലാക്കിയ ഹാംലറ്റ് വികസന പദ്ധതി പ്രകാരം ഏറനാട് മണ്ഡലത്തിലെ ചാലിയാർ ഗ്രാമപഞ്ചായത്തിലെ പെരുവമ്പാടം കോളനിയെയും 2016-17 വർഷം പട്ടികജാതി വികസന വകുപ്പിന്റെ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം വെള്ളാമ്പുറം കോളനിയെയും തെരഞ്ഞെടുത്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതികളിൽ ഉൾപ്പെടുത്തി ചെയ്യുന്ന പ്രവൃത്തികളുടെ നിലവിലെ അവസ്ഥയുടെ വിശദാംശം ലഭ്യമാക്കാമോ; | (ബി) | ഹാംലറ്റ് വികസന പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പെരുവമ്പാടം കോളനിയിൽ ടി പദ്ധതി പ്രകാരമുള്ള ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.<br>അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള വെള്ളാമ്പുറം കോളനിയിൽ റോഡ്/നടപ്പാതകളുടെ പുന:രുദ്ധാരണ പ്രവൃത്തികൾ, ഭവന പുന:രുദ്ധാരണം, സാംസ്കാരിക നിലയം/സ്റ്റോർ റൂം എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു. |
| (സി) | പ്രസ്തുത മണ്ഡലത്തിലെ ചാലിയാർ പഞ്ചായത്തിലെ പാലക്കയം ആദിവാസി കോളനിയിലേക്കുള്ള റോഡ് നിർമ്മാണ പ്രവൃത്തി കിറ്റ്കോ മുഖേന നടപ്പിലാക്കുന്നതിന് തീരുമാനിച്ചിരുന്നോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്നും എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ? | (സി) | പാലക്കയം കോളനിയിലേക്ക് നബാർഡിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി റോഡ് നിർമ്മിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് കിറ്റ്കോയെ നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തിയിരുന്നുവെങ്കിലും പ്രവൃത്തി ആരംഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ